# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

# വെഞ്ഞാറമൂട് റിംഗ് റോഡ്

## റിപ്പോർട്ടിന്റെ പൂർണ്ണരൂപം

എസ്.ഐ.എ.യൂണിറ്റ്

ഐ.ആർ.ഡി (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്മെന്റ്)

തിരുവനന്തപുരം

**03-06-2019**

# ഉള്ളടക്കം


അദ്ധ്യായം-1 സംഗ്രഹം

1.1 ആമുഖം

1.2 സ്ഥാനം

1.3 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം

1.4 ബദൽ സാധ്യതകൾ :

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 സാമൂഹ്യ പ്രത്യാഘാത ലഘൂകരണമാർഗ്ഗങ്ങൾ

അദ്ധ്യായം-2 വിശദമായ പദ്ധതി വിവരണം

2.1 പദ്ധതിയുടെ പശ്ചാത്തലം

2.2 പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധം

2.3 പ്രോജക്ടിന്റെ വലിപ്പം, സ്ഥാനം എന്നിവ

2.4 പദ്ധതിയുടെ ബദൽസാദ്ധ്യതകളെ സംബന്ധിച്ച പഠനം

2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

2.6 അനുബന്ധഭൗതീക സാഹചര്യങ്ങളുടെ ആവശ്യകത

2.7 തൊഴിലാളികളുടെ ആവശ്യകത

2.8 മുൻപ്നടത്തിയ പഠനങ്ങൾ

2.9 സംയുക്തമായ നയങ്ങളും നിയമങ്ങളും

അദ്ധ്യായം-3 സംഘാംഗങ്ങൾ, പഠനസമീപനം, പഠനമാർഗ്ഗം

3.1 പശ്ചാത്തലം

3.2 സാമൂഹ്യപ്രത്യാഘാതവിലയിരുത്തൽ പഠനവും നിർവ്വഹണപ്ലാൻ തയ്യാറാക്കൽ

3.3 എസ്.ഐ.എ ടീം

3.4 ദ്വിതീയവിവരശേഖരണം.

3.5 പദ്ധതി പ്രദേശസന്ദർശനവും വിവരങ്ങൾ നൽകലും

3.6. സാമൂഹികസാമ്പത്തിക സ്ഥിതിവിവരശേഖരണം

3.7. സ്ഥിതിവിവരക്രോഡികരണവും പരിശോധനയും

3.8 സ്ഥിതിവിവരവിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

അദ്ധ്യായം-4 ഭൂമി തിട്ടപ്പെടുത്തൽ

4.1 പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

4.2 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ

4.3 നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

4.4. പൊതുസ്ഥലത്തിന്റെ ഉപയോഗം

4.5 നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുത്ത ഭൂമി

4.6 ഏറ്റെടുക്കേണ്ടഭൂമിയുടെ അളവുസംബന്ധിച്ച വിവരങ്ങൾ

4.7 മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

അദ്ധ്യായം-5 മൂല്യ നിർണയവും വിശകലനവും

5.1 ആമുഖം

5.2. പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടന്നവർ.

5.3. പരോക്ഷമായി ബാധിക്കപ്പെടുന്നവര്

5.4. ബാധിത കുടുംബങ്ങൾ

5.5 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും

അദ്ധ്യായം-6 സാമൂഹിക സാമ്പത്തിക
സാംസ്കാരിക അവലോകനം

അദ്ധ്യായം-7 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

7.1 ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

7.2 വിവിധ ഘട്ടങ്ങളിലൂടെ ആഘാത വിശകലനം.

7.3 ആഘാത ബാധിതരുടെ തരം

7.4 പൊതുജനങ്ങളുടെ ആശങ്കകൾ

7.5 സാമൂഹ്യപ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുമുള്ള മർഗ്ഗങ്ങൾ

7.6 ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ വ്യവസ്ഥകൾ

7.7 വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ

അധ്യായം-8 സാമൂഹ്യ പ്രത്യഘാത
നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

അധ്യായം-9 സാമൂഹ്യ പ്രത്യാഘാത നിർവഹണ പദ്ധതി

അധ്യായം-10 സാമൂഹ്യ പ്രത്യാഘാത നിർവഹണ
പദ്ധതി നിരീക്ഷണവും അവലോകനവും

അധ്യായം-11 വിലയുടെയും നേട്ടങ്ങളുടെയും അപ്രഗഥനവും
ഏറ്റെടുക്കുന്നതിനുള്ള ശുപാർശകളും

11.1 പ്രധാന കണ്ടെത്തലുകൾ

11.2 എസ്.ഐ. എയുടെ ശുപാർശകൾ

# അദ്ധ്യായം 1

## സംഗ്രഹം

## വെഞ്ഞാറമൂട് റിംഗ് റോഡ് വൈഡനിംഗ്

1. ആമുഖം

വെഞ്ഞാറമൂട് ജംഗ്ഷനിൽ വർദ്ധിച്ചുവരുന്ന ക്രമാതീതമായ വാഹനത്തിരക്കും ട്രാഫിക് ബ്ലോക്കും നിന്ത്രണവിധേയമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന ഒരു പദ്ധതിയാണ് വെഞ്ഞാറമൂട് ഔട്ടർ റിംഗ്റോഡ് പ്രോജക്ട്. സുഗമമായ ഗതാഗത സംവിധാനം ഒരുക്കുന്നതിനോടൊപ്പം കെട്ടിടങ്ങളുടെ നാശനഷ്ടം വളരെയധികം ഒഴിവാക്കിയാണ് സർക്കാർ ഈ പദ്ധതിയ്ക്കായി സ്ഥലം കണ്ടെത്തിയിട്ടുള്ളത്.

വെഞ്ഞാറമൂട് ബസ് സ്റ്റാന്റിന് താഴെനിന്നും തുടങ്ങി എം.സി. റോഡിൽ വെഞ്ഞാറമൂട് പോലീസ്സ്റ്റേഷന് എതിർവശത്തായി, ജംഗ്ഷനിൽ നിന്നും ഏതാണ്ട് 500 മീറ്റർ മുന്നിലായി അവസാനിക്കുകയും, പോലീസ് സ്റ്റേഷന് പുറകുവശത്തുനിന്നും ആരംഭിച്ച് കാവറ വഴി വെഞ്ഞാറമൂട് ആറ്റിങ്ങൽ റോഡിൽ ജംഗ്ഷനിൽ നിന്ന് 500 മീറ്റർ മുന്നിലായി അവസാനിക്കുകയും ചെയ്യുന്ന രീതിയിൽ ആണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി വെഞ്ഞാറമൂട് ജംഗ്ഷനിലെ അനിയന്ത്രിതമായ ട്രാഫിക് കുരുക്കിനും, ജംഗ്ഷനു സമീപം ഉണ്ടാകാറുള്ള ചെറുതും വലുതുമായ വാഹനാപകടങ്ങൾക്കും ഒരു ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയും.

തിരുവനന്തപുരത്തെ കോട്ടയവുമായി ബന്ധിപ്പിക്കുന്ന പ്രധാന മലയോരപാതയായ എം.സി. റോഡിലെ ഒരു പ്രധാന ജംഗ്ഷനാണ് വെഞ്ഞാറമൂട്. സ്കൂളുകൾ ബസ് സ്റ്റാന്റ്ഡ്, ആശുപത്രി, ബാങ്കുകൾ മറ്റു കച്ചവട സ്ഥാപനങ്ങൾ എന്നിവയെല്ലാം ഉൾപ്പെട്ട പ്രധാന ജംഗ്ഷനായ വെഞ്ഞാറമൂട്ടിൽ മിക്കപ്പോഴും വളരെയേറെ ഗതാഗതതിരക്ക് അനുഭവപ്പെടുന്നുണ്ട്. ഈ ഗതാഗതതിരക്ക് വെഞ്ഞാറമൂട്ടിൽ തന്നെയുള്ള ഗോകുലം മെഡിക്കൽ കോളേജിലേയ്ക്കും മറ്റ് ആശുപത്രികളിലേക്കും തിരുവനന്തപുരത്തെ ഗവൺമെന്റ് മെഡിക്കൽകോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിലേയ്ക്കുള്ള രോഗികളെയും വഹിച്ചുകൊണ്ടുള്ള ആബുലൻസുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളെയും, കച്ചവടക്കാരെയും മറ്റുയാത്രക്കാരെയും വളരെയധികം ബുദ്ധിമുട്ടിക്കുന്നുണ്ട്.

എം.സി.റോഡിലൂടെ കോട്ടയം ഭാഗത്ത് നിന്നും തിരുവനന്തപുരത്തേയ്ക്കും തിരിച്ച് തിരുവനന്തപുരത്തുനിന്ന് കോട്ടയം ഭാഗത്തേയ്ക്കും പോകുന്ന വാഹനങ്ങളും വെഞ്ഞാറമൂട് നിന്ന് ആറ്റിങ്ങൽ, നെടുമങ്ങാട് ഭാഗങ്ങളിലേയ്ക്കും തിരിച്ചുമുള്ള

വാഹനങ്ങളും വെഞ്ഞാറമൂട് ജംഗ്ഷനിൽ കൂടിയാണ് കടന്നുപോകുന്നത്. ജംഗ്ഷനിൽ തന്നെയുളള ബസ് സ്റ്റാഡിലേക്ക് ബസ്സുകൾ കയറുമ്പോഴും ഇറങ്ങുമ്പോഴും ഉണ്ടാകുന്ന ട്രാഫിക് ബ്ലോക്കുകൾ മാറാൻ ചിലപ്പോൾ മണിക്കൂറുകൾ വേണ്ടിവരും. ഔട്ടർ റിംഗ്രോഡ് യാഥാർത്ഥ്യമാകുന്നതിലൂടെ ആറ്റിങ്ങൽ നിന്നും വരുന്ന വാഹനങ്ങൾക്ക് വെഞ്ഞാറമൂട് ജംഗ്ഷനിൽ വരാതെതന്നെ എം.സി.റോഡിൽ കയറുവാനും, കോട്ടയം ഭാഗത്ത്നിന്നുവരുന്ന ബസ്സുകൾക്കും നെടുമങ്ങാട് ഭാഗത്തേയ്ക്കുളള വാഹനങ്ങൾക്കും ജംഗ്ഷനിൽ കടക്കാതെ തിരിഞ്ഞ് പോകുവാനും സാധിക്കും, ഇതുമൂലം വലിയ ഒരു ശതമാനം ഗതാഗതക്കുരുക്കിന് പരിഹാരംകാണാൻ സാധിക്കും.

1.2. സ്ഥാനം ;

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് വില്ലേജിൽ ഉൾപ്പെട്ട കാവറ, മൈലയ്ക്കൽ എന്നീ വാർഡുകളിൽ ഉൾപ്പെട്ടതാണ് പദ്ധതിപ്രദേശം എം.സി. റോഡിന്റെ ഇരുവശങ്ങളിലുമായാണ് പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നത്.

1.3. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി :

നിർദ്ദിഷ്ട പദ്ധതിയ്ക്കായി 40 ആർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. കൂടുതലായും സ്വകാര്യ വ്യക്തികൾ താമസത്തിന് ഉപയോഗിക്കുന്ന ഭൂമിയുടെ ഭാഗങ്ങളാണ് ഏറ്റെടുക്കുന്നത്. ഏതാണ്ട് 70 സ്വകാര്യ ഭൂ ഉടമകളിൽ നിന്നാണ് പദ്ധതിയ്ക്കുവേണ്ട സ്ഥലം ഏറ്റെടുക്കുന്നത്.

1.4. ബദൽ സാധ്യതകൾ :

നിർദ്ദിഷ്ട പദ്ധതിപ്രദേശത്തിനു തൊട്ടടുത്തുളള വെഞ്ഞാറമൂട് ജംഗ്ഷനിൽ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാനമായ പ്രശ്നം അനിയന്ത്രിതമായ വാഹനത്തിര ക്കാണ്. റോഡിന് ഉൾക്കൊളളാവുന്നതിലും അധികം വാഹനങ്ങളാണ് ഈ പ്രദേശത്ത്കൂടി കടന്നുപോകുന്നത്. ഇത്തരത്തിൽ ക്രമാതീതമായ വാഹനത്തിരക്ക് മൂലം റോഡിന്റെ സംരക്ഷണം, പരിപാലനം, സുരക്ഷ എന്നീ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനോ യാത്രാതടസ്സം പരിസര, ശബ്ദ, വായുമലിനീകരണങ്ങൾ അപകടങ്ങൾ എന്നിങ്ങനെയുളള പ്രത്യാഘാതങ്ങൾ നിയന്ത്രിക്കുന്നതിനോ വളരെയേറെ ബുദ്ധിമുട്ടാണ്. പദ്ധതി പ്രദേശത്തിന് സമീപത്തുളള ഗോകുലം മെഡിക്കൽകോളേജി ലേയ്ക്കുളള രോഗികളെയും വഹിച്ചുകൊണ്ടുളള ആബുലൻസുകൾ ഉൾപ്പെടെയുളള വാഹനങ്ങൾ ഗതാഗതക്കുരുക്കിൽപ്പെടുന്നത് ഒരു നിത്യ സംഭവമാണ്.

നിർദ്ദിഷ്ട വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡ് പദ്ധതി പൂർത്തിയാകുന്നതോടുകൂടി വെഞ്ഞാറമൂട് ജംഗ്ഷനിലെ ഗതാഗതക്കുരുക്കിന് ഒരു ശാശ്വത പരിഹാരം കാണുവാൻ സാധിക്കും. നിലവിലെ പദ്ധതി മറ്റൊരു പ്രദേശത്തോട്ടുമാറ്റുന്നതുകൊണ്ടോ

മറ്റേതെങ്കിലും ബദൽ പദ്ധതികൾ നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് നടപ്പിലാക്കുന്നതുകൊണ്ടോ ലഭിക്കുന്ന നേട്ടങ്ങൾ ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിലൂടെ ലഭിക്കുന്ന നേട്ടങ്ങളെക്കാൾ പ്രാധാന്യം കുറഞ്ഞവായായിരിക്കും.

## 1.5. സാമൂഹ്യപ്രത്യാഘാതങ്ങൾ :

സാമൂഹ്യപ്രത്യാഘാതപഠനത്തിന്റെ പ്രധാനമായ ചുമതല സാമൂഹ്യപ്രത്യാഘാതങ്ങൾ കണ്ടെത്തി അവയുടെ ആഘാത ലഘൂകരണത്തിനുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നുള്ളതാണ്. സാമൂഹ്യപ്രത്യാഘാതങ്ങളെ കൃത്യമായി രേഖപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്ന വകുപ്പുകൾക്ക് രേഖാമൂലം നൽകി സാമൂഹിക പ്രത്യാഘാതലഘൂകരണ നടപടികൾ സ്വീകരിക്കുവാനും നടപ്പിലാക്കുവാനും സാമൂഹിക പ്രത്യാഘാത പഠനം പ്രയോജനപ്രദമാണ്.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് നിലവിലെ ഭൂമി ഏറ്റെടുക്കൽമൂലം 70 സ്വകാര്യ ഭൂ ഉടമകൾ നേരിട്ട് ബാധിക്കപ്പെടുന്നു. വെഞ്ഞാറമൂട് മാർക്കറ്റും പോലീസ് സ്റ്റേഷൻ കോംബൗണ്ടും ഉൾപ്പെടെ 9 പ്ലോട്ടുകൾ ഗവൺമെന്റ് വക സ്ഥലമാണ്. 2 ക്ഷേത്രങ്ങളുടെ സ്ഥലവും ബാധിക്കപ്പെടുന്നുണ്ട്. പദ്ധതി പ്രദേശത്ത് ആകെ 13 വ്യാപാരസ്ഥാപനങ്ങൾ ഉൾപ്പെടുന്നതിൽ 4 എണ്ണം പൂർണ്ണമായും 9 എണ്ണം ഭാഗീകമായും ബാധിക്കപ്പെടുന്നു. വാണിജ്യ സ്ഥാപനങ്ങൾ ബാധിക്കപ്പെടുന്നതിലൂടെ ഏതാണ്ട് 6 പേരുടെ തൊഴിൽ പ്രത്യക്ഷത്തിൽ നഷ്ടപ്പെടുന്നു. 12 പേരുടെ തൊഴിൽ ഭാഗീകമായും ബാധിക്കപ്പെടുന്നു. ഭൂമി ഏറ്റെടുക്കലിൽ വീട് നഷ്ടമാകുന്നത് ഒരാൾക്ക് മാത്രമാണ്, മറ്റൊരുംതന്നെ കുടിയൊഴിപ്പിക്കൽ മുതലായ ഭീഷണികൾ ഒന്നുംതന്നെ നേരിടുന്നവരല്ല.

സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റിന്റെ പഠനത്തിലൂടെ മതപരമായ ആഘാതങ്ങൾ കണക്കാക്കിയപ്പോൾ നെല്ലനാട് വില്ലേജിലെ മേലാംകോട് ക്ഷേത്രത്തിന്റെയും, കാവറ നടരാജശിവക്ഷേത്രത്തിന്റെയും വക ഭൂമി സ്ഥലം ഏറ്റെടുക്കലിന് വിധേയമാകുന്നുണ്ട്.

പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിൽ വിവിധതരത്തിലുള്ള സാമൂഹിക പ്രത്യാഘാതങ്ങൾ എസ്.ഐ.എ. യൂണിറ്റ് പഠനവിധേയമാക്കിയിട്ടുണ്ട്.

## 1.6. സാമൂഹ്യപ്രത്യാഘാത ലഘൂകരണ മാർഗ്ഗങ്ങൾ :

ഭൂമിഏറ്റെടുക്കുലുമായി ബന്ധപ്പെട്ട് സാമൂഹ്യപ്രത്യാഘാത പഠനത്തോടാപ്പം പ്രത്യാഘാത ലഘൂകരണ നിർദ്ദേശങ്ങൾ കൂടി എസ്.ഐ.എ.യൂണിറ്റ് പഠനവിധേ യമാക്കിയിട്ടുണ്ട്.

നിർദ്ദിഷ്ട പദ്ധതിപ്രദേശത്ത് ഭൂമി ഏറ്റെടുക്കൽ നടപടിയോടനുബന്ധിച്ച് വിവിധതരം സാമൂഹിക പ്രത്യാഘാതങ്ങളെ, പ്രത്യാഘാതത്തിന്റെ തരം, സ്ഥിതിവിരം ലഘൂകരണമാർഗ്ഗങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ച് വിശദമായ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്.

| നമ്പർ | പ്രത്യാഘാത്തിന്റെ തരം | സ്ഥിതിവിവരം | ലഘൂകരണമാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഭൂമിനഷ്ടപ്പെടുന്നത് | 70 ഭൂ ഉടമകളുടെ ഭൂമി പ്രത്യക്ഷമായി ബാധിക്കപ്പെടുന്നു. | 2013 ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമായി അവകാശ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് |
| 2. | വാണിജ്യസ്ഥാപനങ്ങൾ നഷ്ടപ്പെടുന്നത് | 4 വ്യപാരസ്ഥാപനങ്ങൾ പൂർണ്ണമായും 9 സ്ഥാപനങ്ങൾ ഭാഗീകമായും ബാധിക്കപ്പെടുന്നു. | |
| 3. | ഉൽപ്പാദനക്ഷമമായ ആസ്തികൾ നഷ്ടപ്പെടുന്നു. | 60 റബ്ബർ മരങ്ങളും 25 തെങ്ങുകളും 10 മാവുകളും ബാധിക്കപ്പെടുന്നുണ്ട്. | |
| 4. | ഉപജീവന സാധ്യതകൾ നഷ്ടപ്പെടുന്നു. | 6 പേരുടെ തൊഴിൽ പൂർണ്ണമായും നഷ്ടമാകുന്നു. | |
| 5. | പൊതുഉപയോഗമുതൽ നഷ്ടപ്പെടുന്നത് | വൈദ്യുതി, ടെലിഫോൺ, പോസ്റ്റുകൾ, ജലവിതരണം, ജലമാലിന്യ നിർഗ്ഗമന മാർഗ്ഗങ്ങൾ. | നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനോടൊപ്പം പുനസ്ഥാപനവും നടത്തുക. |
| 6. | ദുർബലവിഭാഗങ്ങളുടെ സ്ഥാനചലനം | പട്ടികജാതി പട്ടിക വർഗ്ഗകുടുംബങ്ങൾ പദ്ധതിപ്രദേശത്തില്ല. | |
| 7. | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത്. | 2 ക്ഷേത്രങ്ങളുടെ ഭൂമി ബാധിക്കപ്പെടുന്നു. | വിശ്വാസികളും മതാധികാരികളുമായി കൂടിയാലോചിച്ച് നടപടികൾ കൈക്കൊളളുക. |

# അദ്ധ്യായം : 2

# വിശദമായ പദ്ധതി വിവരണം

## 2.1 പദ്ധതിയുടെ പശ്ചാത്തലം :

പ്രസ്തുത പദ്ധതിയ്ക്കുവേണ്ടിയുളള പൊന്നുംവില നടപടി സ്വീകരിക്കുന്നതിനായി തിരുവനന്തപുരം എൽ.എ. എൻ.എച്ച്. സ്പെഷ്യൽ തഹസീൽദാരെയാണ് ലാന്റ് അക്വസിഷൻ ഓഫീസറായി നിയമിച്ചിട്ടുളളത്. തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിൽ ആണ് ലാന്റ് അക്യുസിഷൻ ഓഫീസറുടെ ഓഫീസ് സ്ഥിതിചെയ്യുന്നത്.

തിരുവനന്തപുരം ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിൽ ഒന്നാണ് വെഞ്ഞാറമൂട് ജംഗ്ഷൻ. നിലവിൽ അത്യന്തം തിരക്കേറിയതും നിരന്തരം ഗതാഗതക്കുരുക്കുകളാൽ ബുദ്ധിമുട്ടനുഭവിക്കുന്നതുമായ പ്രദേശമാണിത്. തിരുവനന്തപുരത്തെ കോട്ടയവുമായി ബന്ധിപ്പിക്കുന്ന പ്രധാന മലയോര പാതയായ എം.സി.റോഡ് കടന്നുപോകുന്ന പ്രധാന ജംഗ്ഷൻകൂടിയായ വെഞ്ഞാറമൂട്, ആറ്റിങ്ങൽ, നെടുമങ്ങാട് എന്നീ പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാതയിലെ പ്രധാന പട്ടണം കൂടിയാണ്.

ദ്രുതഗതിയിലുളള വാഹനപ്പെരുപ്പവും നഗരവൽക്കരണവും സംജാതമായിട്ടുളള വർദ്ധിച്ച തിരക്ക് ഉൾക്കൊളളാനുളള വിസ്തീർണ്ണവും പ്രാപ്തിയും നിലവിൽ ഈ ജംഗ്ഷന് ഇല്ല. ഗതാഗതകുരുക്ക് കാരണം യാത്രക്കാർക്ക് ദീർഘനേരം കാത്തുനിർക്കേണ്ട സ്ഥിതിയാണ് നിലവിലുളളത്. തിരുവനന്തപുരം നഗരത്തിന്റെ ഭാവിയിലെ വികസനത്തിന് അനുപാതികമായി വെഞ്ഞാറമൂട് ജംഗ്ഷനിലും തിരക്ക് കൂടുവാൻ സാധ്യതയുണ്ട്, ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനു വേണ്ടിയാണ് പി.ഡബ്ലിയു.ഡി. ഈ പദ്ധതി ആവിഷ്കരിച്ചിട്ടുളളത്.

## 2.2 പദ്ധതി പൊതുജനങ്ങൾക്ക് ഉപകാര പ്രദമാകുന്നവിധം :

തിരുവനന്തപുരം ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിൽ ഒന്നാണ് വെഞ്ഞാറമൂട് ജംഗ്ഷൻ. നിലവിൽ അത്യന്തം തിരക്കേറിയതും നിരന്തരം ഗതാഗതക്കുരുക്കുകളാൽ ബുദ്ധിമുട്ടനുഭവിക്കുന്നതുമായ പ്രദേശമാണിത്. തിരുവനന്തപുരത്തെ കോട്ടയവുമായി ബന്ധിപ്പിക്കുന്ന പ്രധാന മലയോര പാതയായ എം.സി.റോഡ് കടന്നുപോകുന്ന പ്രധാന ജംഗ്ഷൻകൂടിയായ വെഞ്ഞാറമൂട്, ആറ്റിങ്ങൽ, നെടുമങ്ങാട് എന്നീ പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാതയിലെ പ്രധാന പട്ടണം കൂടിയാണ്.

വിദഗ്ദ്ധ ട്രാഫിക് സർവ്വേകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ വെഞ്ഞാറമൂട് ജംഗ്ഷനിലെ നിലവിലുളള ഗതാഗതതിരക്ക് പരിഹരിക്കാനും ഭാവിയിൽ ഉണ്ടാകാനിടയുളള ട്രാഫിക് വർദ്ധന കൂടി ഉൾക്കൊളളാനും ഇവിടെ ഒരു ഔട്ടർ റിംഗ് റോഡ് ആവശ്യമാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. എം.സി.റോഡിലൂടെ കോട്ടയം ഭാഗത്ത്

നിന്ന് വരുന്ന വാഹനങ്ങൾക്ക് ജംഗ്ഷനിൽ കടക്കാതെ നെടുമങ്ങാട് ഭാഗത്തേയ്ക്കും ബസ് സ്റ്റാന്റിലേക്കും പോകാനും, ആറ്റിങ്ങലിൽ നിന്നുംവരുന്ന വാഹനങ്ങൾക്ക് ജംഗ്ഷനിൽ വരാതെ കാവറവഴി എം.സി.റോഡിൽ കടക്കാനും ഉതകുന്ന രീതിയിലാണ് ഔട്ടർ റിംഗ്റോഡിന്റെ അലൈൻമെന്റ് നിർദ്ദേശിക്കപ്പെട്ടിട്ടുളളത്.

2.3. പദ്ധതിയുടെ വലിപ്പം, സ്ഥാനം എന്നിവ :

തിരുവനന്തപുരത്തെ കോട്ടയവുമായി ബന്ധിപ്പിക്കുന്ന പ്രധാന മലയോരപാതയാണ് എം.സി.റോഡ്. എം.സി.റോഡ് കടന്നുപോകുന്നത പ്രധാന പട്ടണങ്ങളിലൊന്നായ തിരുവനന്തപുരം ജില്ലയിലെ വെഞ്ഞാറമൂടിനടുത്തായാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നത്. വെഞ്ഞാറമൂടിലെ എം.സി.റോഡിന് ഇരുവശത്തുമായി കിടക്കുന്ന നെല്ലനാട് വില്ലേജിൽ ആണ് പദ്ധതി പ്രദേശം കണ്ടെത്തിയിട്ടുളളത്. ഏതാണ്ട് 40 ആർ സ്ഥലം നിദ്ദിഷ്ട പദ്ധതിക്കായി ഗവൺമെന്റ് ഏറ്റെടുക്കുന്നുണ്ട്.

2.4. പദ്ധതിയുടെ ബദൽസാധ്യതകളെ സംബന്ധിച്ച പഠനം :

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് നിലവിൽ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാനമായ പ്രശ്നം അസാധാരണവും നിയന്ത്രിക്കാൻ കഴിയാത്തതുമായ വാഹനത്തിരക്കാണ്. റോഡിന് ഉൾക്കൊളളാവുന്നതിലും അധികം വാഹനങ്ങളാണ് ഈ പ്രദേശത്തുകൂടി കടന്ന് പോകുന്നത്. ഇത്തരത്തിൽ ക്രമാതീതമായ വാഹനത്തിരക്ക് മൂലം റോഡിന്റെ സംരക്ഷണം, പരിപാലനം, സുരക്ഷ എന്നീകാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനോ, യാത്രാതടസ്സം, ശബ്ദ, വായു, പരിസര മലിനീകരണങ്ങൾ, അപകടങ്ങൾ, എന്നിങ്ങനെയുളള പ്രത്യാഘാതങ്ങൾ നിയന്ത്രിക്കാനോ നിലവിൽ സാധിക്കാതെ വരുന്നു. പദ്ധതി പ്രദേശത്തിന് സമീപത്തുളള ഗോകുലം മെഡിക്കൽകോളേജിലേയ്ക്കുളള രോഗികളെയും വഹിച്ചുകൊണ്ടുളള ആംബുലൻസ് ഉൾപ്പെടെയുളള വാഹനങ്ങൾ ജംഗ്ഷനിലെ ഗതാഗത കുരുക്കിൽപ്പെടുന്നത് ഒരു നിത്യസംഭവമാണ്.

നിർദ്ദിഷ്ട വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡ് പൂർത്തിയാകുന്നതോടുകൂടി ജംഗ്ഷനിലെ ഗതാഗതക്കുരുക്കിന് ഒരു ശാശ്വതപരിഹാരംകാണാൻ സാധിക്കും. നിലവിലെ പദ്ധതി മറ്റൊരു പ്രദേശത്തോട്ട് മാറ്റുന്നത്കൊണ്ടോ മറ്റേതെങ്കിലും ബദൽ സാധ്യതകൾ നിർദ്ദിഷ്ട പ്രദേശത്ത് നടപ്പിലാക്കുന്നതുകൊണ്ടോ ലഭിക്കുന്ന നേട്ടങ്ങൾ ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണത്തിലൂടെ ലഭിക്കുന്ന നേട്ടങ്ങളെക്കാൾ പ്രാധാന്യം കുറഞ്ഞവയായിരിക്കും.

2.5. നിർമ്മാണത്തിന്റെ സവിശേഷതകൾ :

വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡിനുവേണ്ടി ഏകദേശം 40 ആർ. ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഈ പദ്ധതിയുടെ ചുമതല വഹിക്കുന്നത് തിരുവനന്തപുരം എൽ.എ. എൻ.എച്ച്. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.) ആണ്. റോഡിന് ഇരുവശവും കാൽനടക്കാർക്കുള്ള നടപ്പാതയും, മലിനജലം കടത്തിയിടാനുള്ള ഓവുചാലുകളും നിർമ്മിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നതാണ്. വൈദ്യുതികമ്പി, ടെലഫോൺ വയറുകൾ പോസ്റ്റുകൾ എന്നിവയെല്ലാം പര്യാപ്തമായ രീതിയിൽ പുനക്രമീകരിക്കുന്നതാണ്.

2.6. അനുബന്ധ ഭൗതിക സാഹചര്യങ്ങളുടെ ആവശ്യകത :

വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡ് പദ്ധതിയുടെ നിർമ്മാണത്തിന് അനുബന്ധമായി അനുയോജ്യമായ ചില ഭൗതീക സാഹചര്യങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്.

കാൽനടയാത്രക്കാർക്കായുള്ള നടപ്പാത, കുടിവെള്ള പൈപ്പുകളുടെ പുനഃക്രമീകരണം, വൈദ്യുതിയുമായി ബന്ധപ്പെട്ട പുനഃക്രമീകരണം, ഓടകളുടെ പുഃനിർമ്മാണം എന്നിവയിൽ ഊന്നൽകൊടുത്തുകൊണ്ടുള്ള അനുബന്ധ ഭൗതീകസാഹചര്യങ്ങളുടെ നിർമ്മാണം പദ്ധതി പൂർത്തീകരണത്തിന് വേഗത കൂട്ടും.

2.7. തൊഴിലാളികളുടെ ആവശ്യകത :

നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് പദ്ധതിയുടെ പൂർത്തീകരണം വേഗത്തിൽ നടത്തുവാൻ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യത ഉറപ്പിക്കേണ്ടതുണ്ട്. തൊഴിലാളികൾ മുതൽ പദ്ധതി നടപ്പിലാക്കുന്നവർവരെയുള്ള കാര്യക്ഷമമായ മാനവശേഷിയുടെ വിന്യാസം ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയുടെ സുഗമമായ നിർമ്മാണത്തിനായി അത്യാധുനിതമായ ഉപകരണങ്ങളും വൈദഗ്ധ്യമുള്ള എഞ്ചിനിയർമാരും അത്യന്താപേക്ഷിതമാണ് പദ്ധതി നിർമ്മാണഘട്ടത്തിൽ നിരവധിതൊഴിലവസരങ്ങൾ തദ്ദേശീയർക്കും പുറമേനിന്നുള്ളവർക്കും ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

2.8. മുൻപുനടത്തിയ പഠനങ്ങൾ :

വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡ് നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് മുൻപഠനങ്ങൾ ഒന്നുംതന്നെ മുൻകാലങ്ങളിൽ നടത്തിയതായി എസ്.ഐ.എ. യൂണിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഐ.ആർ.ഡി. പദ്ധതി പ്രദേശത്ത് നടത്തിയത് മാത്രമാണ് ഇത്തരത്തിൽ പൂർത്തിയായ ഒരേയൊരു പഠനം.

2.9. ഉപയുക്തമായ നയങ്ങളും നിയമങ്ങളും :

വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡ് നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമിഏറ്റെടുക്കൽ സുതാര്യത പുനരധിവാസം, പുനഃസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് താഴെപറയുന്ന നിയമങ്ങളും ചട്ടങ്ങളും ബാധകമാകുന്നതാണ്.

- 2013 ൽ നിലവിൽവന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുളള അവകാശനിയമം.
- 2015-ലെ കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുളള അവകാശചട്ടങ്ങൾ.
- 17-10-2015 ലെ 36253 ബി1 2014 ആർ.ഡി. നമ്പർ സർക്കാർ പരിപത്രം.
- തുടർന്നുളള സർക്കാർ വിജ്ഞാപനങ്ങളും ഉത്തരവുകളും
- അതത് കാലത്ത് കോടതികൾ പുറപ്പെടുവിക്കുന്ന വിധിന്യായങ്ങൾ.

# അദ്ധ്യായം : 3

# സംഘാംഗങ്ങൾ, പഠനസമീപനം, പഠനമാർഗ്ഗം

## 3.1. പശ്ചാത്തലം

വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡിനുവേണ്ടി ഭൂമിഏറ്റെടുക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ല ഭരണകൂടം എസ്.ഐ.എ. യൂണിറ്റ് ആയി ഐ.ആർ.ഡി. (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്മെന്റ്) ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥലംഏറ്റെടുക്കൽ മൂലം ആഘാതം നേരിടേണ്ടിവരുന്ന സ്ഥല ഉടമകളുടെയും കെട്ടിട ഉടമകളുടെയും കുടുംബങ്ങളുടെയും കണക്കെടുപ്പ്, സാമൂഹിക ആഘാതം കണക്കാക്കൽ എന്നിവയാണ് എസ്.ഐ.എ. സ്റ്റഡിയിൽ ഉൾപ്പെടുത്തിയിട്ടുളളത്. ഈ പഠന പ്രക്രിയയുടെ ഭാഗമായി പ്രാഥമിക ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠനപ്രക്രിയ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി ആഘാത ബാധിതരായ വ്യക്തികൾ കുടുംബങ്ങൾ, സ്ഥാപനങ്ങൾ, എന്നിവയെ നേരിട്ട് സമീപിച്ച് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്. കൂടാതെ കേന്ദ്രീകൃത സംഘചർച്ചകൾ സംഘടിപ്പിച്ച് വിവരങ്ങളും അഭിപ്രായങ്ങളും ശേഖരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 3.2. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനവും നിർവ്വഹണ പ്ലാൻ തയ്യാറാക്കൽ:

ഭൂമിയും വസ്തുവകകളും ഏറ്റെടുക്കേണ്ടിവരുകയും ആയതു ജനങ്ങളുടെ ഭൗതീകവും സാമ്പത്തികവുമായ സുസ്തിരതയ്ക്ക് ആഘാതം ഏൽപ്പിക്കുകയും ചെയ്യുന്ന അവസരത്തിൽ സാമൂഹ്യപ്രത്യാഘാത പഠനവിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മ പദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിനു മുമ്പുളള അതേ അവസ്ഥയിൽ തന്നെ ആഘാത ബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനസ്ഥാപിക്കുന്നതിനുളള പദ്ധതികളാണ് പുനരധിവാസകർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തര ത്തിലുളള ആവശ്യകതകൾ മുന്നിൽ കണ്ടാണ് സാമൂഹികപ്രത്യാഘാത പഠന വിലയിലുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുളള മുന്നൊരുക്കങ്ങൾ നടത്തിയത്. പ്രധാനമായും നടത്തിയ മുന്നൊരുക്കങ്ങൾ താഴെ പറയുന്നവയാണ്.

- പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതങ്ങളെ സംബന്ധിച്ച വിവരശേഖരണം
- ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, അഘാതബാധിതർ, പൊതുജനങ്ങൾ എന്നിവരുമായുളള ചർച്ചകളും ആശയവിനിമയും

- 2013 ൽ നിലവിൽവന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുളള അവകാശനിയമങ്ങളും അനുബന്ധ ചട്ടങ്ങളും വായിച്ചു മനസ്സിലാക്കുക.
- വ്യത്യസ്ഥതലങ്ങളിൽ നിന്നുളള ദ്വിതീയ വിവരശേഖരണം
- അനുയോജ്യമായ വിവരങ്ങളും, പ്രമാണങ്ങളും, റിപ്പോർട്ടുകളും പഠനവിധേയമാക്കൽ
- റവന്യൂ, പൊതുമരാമത്ത് എന്നിവകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്നുളള പദ്ധതി പ്രദേശ സന്ദർശനം.
- പദ്ധതി പ്രദേശ സന്ദർശനവും പൊതുജനങ്ങളുമായുളള ആശയവിനിമയവും.
- ആഘാതബാധിതരായ വ്യക്തികളുടെയും കുടുംബങ്ങളുടെയും വസ്തുവകകളുടെയും കണക്കെടുപ്പും വിവരശേഖരണവും.
- സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവരങ്ങളുടെ വിശകലനം
- പദ്ധതി പ്രദേശത്തെ ആഘാത ബാധിതരായ ജനങ്ങളുമായുളള അഭിമുഖങ്ങളും ചർച്ചയും.
- പദ്ധതി പ്രദേശത്തെ പൊതുജനങ്ങളുമായുളള അഭിമുഖങ്ങളും ചർച്ചയും
- സാമൂഹ്യപ്രത്യാഘാത പഠനവിലയിരുത്തൽ റിപ്പോർട്ടിന്റെ കരടുരൂപം തയ്യാറാക്കലും പ്രസിദ്ധീകരണവും.

3.3: എസ്.ഐ.എ ടീം

എസ്.ഐ.എ ടീം ലീഡറായ എസ്.സോമൻ നേതൃത്വം വഹിക്കുന്ന സ്റ്റഡി ടീം സെൻസസ് രീതിയിലുള്ള സർവ്വെ നടത്തി വിവരശേഖരണം ഏകോപനം എന്നിവ നടത്തി റിപ്പോർട്ട് തയ്യാറാക്കി

| പേര് | പ്രോഫൈൽ | നിയോഗിച്ചിട്ടുള്ള ഉദ്യോഗം |
|---|---|---|
| സി. ബാലചന്ദ്രൻ | പ്രോജക്ട് ഡയറക്ടർ | പദ്ധതി ഉണ്ടാക്കൽ, റിപ്പോർട്ട് തയ്യാറാക്കൽ, ജനറൽ സൂപ്പർവിഷൻ |
| എസ്.എസ്. സജീഷ്കുമാർ | പ്രോഗ്രാം മാനേജർ | ഡാറ്റാമാനേജ്മെന്റിലും സർവ്വെയിലും ഫീൽഡ് കോ-ഓഡിനേഷനിലും വൈദഗ്ദ്ധ്യം |
| സോമൻ | ടീം ലീഡർ | ഡാറ്റാമാനേജ്മെന്റിലും സർവ്വെയിലും ഫീൽഡ് കോ-ഓഡിനേഷനിലും വൈദഗ്ദ്ധ്യം |
| അബിൻ.എസ് | സോഷ്യൽ അനലിസ്റ്റ് | ഡാറ്റാശേഖരണം, ഡാറ്റവിശകലനം എസ്.ഐ.എ. സ്റ്റഡി റിപ്പോർട്ട് തയ്യാറാക്കൽ |
| എസ്. ഗിരിജാദേവി | ഡോക്കുമെന്റേഷൻ | ഡാറ്റാ മാനേജ്മെന്റിൽ വൈദഗ്ദ്ധ്യം |

### 3.4 ദ്വതീയവിവര ശേഖരണം :

വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡ് പദ്ധതിക്കായി ഭൂമിഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തലിനായി വ്യത്യസ്തങ്ങളായ ദ്വിതീയവിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നു ശേഖരിക്കുകയും പഠനവിധേയമാക്കുകയും പ്രസക്തമായ കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾക്കൊളളിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിച്ച വിവരങ്ങൾ പ്രാദേശിക തലത്തിൽ ആഘാത ബാധിതരായവരിൽ നിന്നും ശേഖരിച്ച പ്രാഥമിക വിവരങ്ങളുമായി ഒത്തുനോക്കുകയും പരസ്പരപൂരകങ്ങളാണെന്നു ബോധ്യപ്പെടുകയും ചെയ്തിട്ടുളളതാണ്. ആഘാത ബാധിതമായ പ്രദേശത്തെ ഭൗതീക സാമൂഹ്യസാമ്പത്തിക സാംസ്ക്കാരിക സ്ഥിതിയെക്കുറിച്ച് വ്യക്തമായ മുന്നറിവ് നൽകുന്നതായിരുന്നു ലഭ്യമായ ദ്വിതിയ വിവരങ്ങൾ.

### 3.5. പദ്ധതി പ്രദേശ സന്ദർശനവും വിവരങ്ങൾ നൽകലും :

വിശദമായ സാമൂഹ്യ പ്രത്യാഘാത പഠനവിലയിരുത്തൽ നൽകുന്നതിനു മുന്നോടിയായി പദ്ധതി പ്രദേശം സന്ദർശിക്കുകയും പ്രാരംഭമായി സാമൂഹ്യസാമ്പത്തിക സ്ഥിതിവിരങ്ങളുടെ മാതൃക ശേഖരിക്കുകയും ചെയ്തു. മാതൃകാ സ്ഥിതിവിവര ശേഖരണത്തിൽ ഏതാനും പേരിൽ നിന്നുമായി വിവരങ്ങൾ ശേഖരിക്കുകയും അവരുടെ പ്രതികരണം ആരായുകയും ചെയ്തു. ലഭ്യമായ പ്രതികരണങ്ങളുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ ചോദ്യാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പൂർണ്ണതോതിലുളള വിവരശേഖരണം നടത്തുകയും ചെയ്തു.

പദ്ധതി പ്രദേശവും ആഘാതബാധിതരായ വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2019 മാർച്ച് മാസത്തിൽ പ്രാഥമിക വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും നേരിട്ടു ശേഖരിക്കുകയും ലഭിച്ചവിവരങ്ങൾ ക്രോഡീകരിച്ച് സാമൂഹിക പ്രത്യാഘാത പഠന കരടുറിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

### 3.6. സാമൂഹ്യസാമ്പത്തിക സ്ഥിതിവിരശേഖരണം :

തിരുവനന്തുപരം ജില്ലയിലെ വെഞ്ഞാറമൂട് പട്ടണത്തിനടുത്തുളള നെല്ലനാട് വില്ലേജിൽ ഉൾപ്പെട്ടതാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. പ്രാദേശിക തലത്തിൽ സാമൂഹ്യസാമ്പത്തിക സ്ഥിതിവിരശേഖരണം നടത്തുന്നതിനു മുന്നോടിയായി സർക്കാർ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആഘാത ബാധിതരായ വ്യക്തികളുടെയും കുടുംബങ്ങളുടേയും സ്ഥാപനങ്ങളുടെയും ഭൂരേഖ സംബന്ധിച്ച വിവരങ്ങളായ തണ്ടപ്പേർ നമ്പർ, ഭൂവിസ്തൃതി, സർവ്വെ നമ്പർ എന്നിങ്ങനെയുളള വിവരങ്ങൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ നിന്നും ശേഖരിച്ചു. കാര്യക്ഷമമായ രീതിയിൽ ഭൂരേഖാ റിക്കോർഡുകൾ സൂക്ഷിച്ചുവച്ചിരിക്കുന്നതിനാൽ വിവരശേഖരണം സുഗമമായിരുന്നു. ഭൂരേഖ, ഉടമസ്ഥത എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചതിനുശേഷം പ്രാദേശികതലത്തിൽ സാമൂഹ്യ

സാമ്പത്തിക സ്ഥിതിവിവരശേഖരണം നിയതമായ ചോദ്യാവലിയുടെ സഹായത്തോടെ ആരംഭിച്ചു. ആഘാത ബാധിതരായ വ്യക്തികളെ നേരിട്ടുകണ്ടു വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്.

ആഘാതബാധിതരായ വ്യക്തികളെ സംബന്ധിച്ച വിവരങ്ങളായ ഭൂമിയുടെ തരം, നിർമ്മിതയുടെ തരം സാമൂഹ്യസ്ഥിതി മനസ്സിലാക്കുന്നതിനായി കുടുംബത്തിന്റെ വ്യക്തി വിവരങ്ങൾ, ഉടമസ്ഥനോ വാടകകാരനോ എന്നു തിരിച്ചറിയുന്നതിനായി പ്രമാണത്തിന്റെ പകർപ്പുകൾ, തൊഴിൽ, വരുമാനം, ചിലവ് വീട്ടിലെ മുതലുകൾ, വാണിജ്യവ്യവസായ സ്വയംതൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിങ്ങനെ നിരവധിയായ വിവരങ്ങൾ ചോദ്യാവലിയുടെ സഹായത്തോടെ ശേഖരിക്കുകയും അവരുടെ മുഖ്യമായ നിർദ്ദേശങ്ങൾ പ്രത്യേകമായി ചോദ്യാവലിയുടെ അനുബന്ധമായി രേഖപ്പെടുത്തുകയും ചെയ്തു. ചോദ്യാവലി പൂരിപ്പിക്കുന്നതിനു മുന്നോടിയായി ഉടമസ്ഥനെ തിരിച്ചറിയുന്നതിനായി പ്രമാണത്തിന്റെ പകർപ്പ് നികുതി ശീട്ട്, ആധാർ കാർഡ്, റേഷൻ കാർഡ്, വോട്ടർ തിരിച്ചറിയൽ കാർഡ് എന്നിങ്ങനെയുളള രേഖകളിൽ ലഭ്യമായവയുടെ പകർപ്പ് കാണുകയും ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

### 3.7. സ്ഥിതിവിവരക്രോഢീകരണവും പരിശോധനയും :

പദ്ധതി പ്രദേശത്തുനിന്നും ശേഖരിച്ച സ്ഥിതിവിവരങ്ങൾ തരംതിരിച്ച് ആവശ്യമായ പരിശോധനകൾ നടത്തുകയും കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തു.

### 3.8. സ്ഥിതിവിവരവിശകലനവും റിപ്പോർട്ട് തയ്യാറാക്കലും :

ശേഖരിച്ച മുഴുവൻ സ്ഥിതിവിരങ്ങളും വ്യത്യസ്തമാനദണ്ഡങ്ങളുടെ അടിസ്ഥാന ത്തിൽ വിശകലനം ചെയ്ത് അന്തിമമായ അനുമാനങ്ങളിൽ എത്തിച്ചേരുകയും അവ സാമൂഹ്യ പ്രത്യാഘാത പഠനവിശകലനറിപ്പോർട്ടുതയ്യാറാക്കുന്നതിനു ഉപയോഗിക്കുകയും ചെയ്തു.

# അദ്ധ്യായം : 4

# ഭൂനിർണ്ണയം

ആമുഖം :

വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡ് നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കലിൽ മുഴുവൻ വ്യക്തികളുടെയും പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നവരുടെയും സാമൂഹിക സാമ്പത്തിക സ്ഥിതി വിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവർത്തികൾ 2019 മാർച്ച് മാസത്തിൽ പൂർത്തീകരിക്കുകയും, ആഘാതബാധിതമായ വസ്തുവകകൾ, ആയതിന്റെ തരം, ഉടമസ്ഥത, സ്വകാര്യസ്വത്തിലുളള പ്രത്യാഘാതങ്ങൾ, ജനങ്ങളുടെ വരുമാനവും ജീവനോപാധിയും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം ലഭിക്കുന്നതിന് സാമൂഹിക സാമ്പത്തിക സ്ഥിതിവിവരക്കണക്കെടുപ്പ് സഹായകമായി.

4.1. പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം :

പദ്ധതിക്കായി മൊത്തം 40 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഇതിൽ 70 സ്വകാര്യ വ്യക്തികളുടെയും 2 ഗവൺമെന്റ് വകസ്ഥലവുമാണ് ഉളളത്. പദ്ധതി നടപ്പിൽ വരുന്നതിലൂടെ 2 ക്ഷേത്രങ്ങളുടെ ഭൂവസ്തുക്കളിൽ ഭാഗീകമായി ആഘാതം ഏൽക്കുന്നുണ്ട്.

പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഉണ്ടാകാവുന്ന സാമൂഹിക പ്രത്യാഘാതത്തിന്റെ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക

| NO | Use of Land | Count | Percentage |
|---|---|---|---|
| **1** | Residential | 40 | 49.38% |
| **2** | Commercial | 6 | 7.40% |
| **3** | Residential & Commercial | 4 | 4.93% |
| **4** | Agriculture | 2 | 2.46% |
| **5** | Vacant plot | 18 | 22.22% |
| **6** | Temple premises | 2 | 2.46% |
| **7** | Roads | 6 | 7.40% |
| **8** | Path ways | 3 | 3.70% |



4.2.ഏറ്റെടുക്കുന്നസ്ഥലത്തിന്റെ രൂപരേഖ :

അനുബന്ധം ചേർത്തിട്ടുണ്ട്.

4.3. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി :

വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡ് നിർമ്മാണ പദ്ധതിക്ക് 40 ആർ സ്ഥലം ആവശ്യമാണ്. പദ്ധതി പ്രദേശത്ത് 70 സ്വകാര്യ ഉടമകളുടെയും 2 ഗവൺമെന്റ് വക ആയതുമായ ഭൂമിയാണ് ഉളളത്.

| Land Ownership | Count | Percentage |
|---|---|---|
| Private | 70 | 97.22 |
| Government | 2 | 2.77 |






4.4. പൊതുസ്ഥലത്തിന്റെ ഉപയോഗം :

പദ്ധതി പ്രദേശത്തെ ഭൂമി ഏറ്റെടുക്കലിൽ വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനും, ക്വാർട്ടേർസുകളും ഉൾപ്പെട്ടതുമായ 2 ഗവൺമെന്റു വക സ്ഥലങ്ങളാണ് ബാധിക്കപ്പെടുന്നത്.

4.5. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുത്ത ഭൂമി :

നിർദ്ദിഷ്ട വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡ് നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ ഭൂമി ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

4.6. ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവു സംബന്ധിച്ച വിവരങ്ങൾ :

നിർദ്ദിഷ്ട പദ്ധതിക്കായി നെല്ലനാട് വില്ലേജിൽ നിന്നും 40 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്. അതിൽ 70 സ്വകാര്യഉടമകളുടെയും, 2 ഗവൺമെന്റ് ഭൂമിയുമാണ് ഉള്ളത്.

ഏറ്റെടുക്കുന്ന പ്രദേശം സ്വകാര്യ വ്യക്തികളുടെയും ഗവൺമെന്റ് ഭൂമിയും ചേർന്നതാണ്. കരഭൂമിയും നിലവും റബ്ബർ തോട്ടങ്ങളും ബാധിക്കപ്പെടുന്നുണ്ട്. തരം തിരിച്ച് അനുബന്ധത്തിൽ ചേർക്കുന്നു.

4.7. മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ :

വിവരദാദാക്കളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്തെ ഭൂമിഉടമകളിൽ ഭൂരിഭാഗവും പാരമ്പര്യമായി കൈമാറ്റം ചെയ്ത ഭൂമി കൈവശം വച്ചിരിക്കുന്നവരാണ്. കാലയളവ് സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

# അദ്ധ്യായം : 5

## മൂല്യ നിർണ്ണയവും വിശകലനവും

### 5.1. ആമുഖം

ഭൂമി ഏറ്റെടുക്കൽ മൂലം ഭൂഉടമകൾക്ക് നേരിടേണ്ടിവരുന്ന പ്രത്യക്ഷവും പരോക്ഷവുമായുളള നഷ്ടങ്ങളുടെ കണക്കെടുപ്പിനെപ്പറ്റിയാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

### 5.2. പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നത്.

പദ്ധതിപ്രദേശത്താണ് വെഞ്ഞാറമൂട് മാർക്കറ്റ് സ്ഥിതിചെയ്യുന്നത്. പദ്ധതി നടപ്പിൽ വരുന്നതിലൂടെ 4 പേരുടെ ഉപജീവനമാർഗ്ഗം പൂർണ്ണമായും നഷ്ടപ്പെടുകയും അതോടൊപ്പം 6 പേരുടെ തൊഴിൽ നഷ്ടമാവുകയും ചെയ്യുന്നു. ഭൂമി ഏറ്റെടുക്കലിൽ ചില വാണിജ്യ സ്ഥാപനങ്ങൾ ഭാഗീകമായും ചിലത് പൂർണ്ണമായും ബാധിക്കപ്പെടുകയും ചെയ്യുന്നു. ഒരു വ്യക്തിയുടെ വാസസ്ഥലവും നഷ്ടമാകുന്നു. ബാധിക്കപ്പെടുന്ന കച്ചവടസ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

### 5.3. പരോക്ഷമായി ബാധിക്കപ്പെട്ടത് :

നിർദ്ദിഷ്ട വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡ് പദ്ധതിക്കായി ഭൂമിഏറ്റെടുക്കുമ്പോൾ അതിന്റെ പ്രത്യാഘാതം പരോക്ഷമായി ബാധിക്കപ്പെടുന്നവരെയാണ് ഈ ഗണത്തിൽപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രധാനമായും പദ്ധതി പ്രദേശത്തെ വ്യവസായ വാണിജ്യ സ്ഥാപനങ്ങളെ ആശ്രയിച്ച് തൊഴിൽ ചെയ്യുന്നവരും പദ്ധതി പ്രദേശത്ത് സ്ഥിരമായി താമസിക്കാത്തവരുമായ ജനവിഭാഗമാണ്.

### 5.4. ബാധിത കുടുംബങ്ങൾ ;

ഒരു വ്യക്തിക്ക് മാത്രമേ ഈ വിഭാഗത്തിൽ നാശനഷ്ടം വരുന്നുളളു. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

5.5. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും :

പദ്ധതി പ്രദേശം നിരവധി സ്വകാര്യവ്യക്തികൾ താമസ, വാണിജ്യ, വ്യാപാര ആവശ്യങ്ങൾക്കായി വർഷങ്ങളായി ഉപയോഗിച്ചുവരുന്നതാണ്. ഭൂമി ഏറ്റെടുക്കൽമൂലം താമസ സൗകര്യത്തിനും ഉപജീവനമാർഗ്ഗത്തിനും കോട്ടങ്ങൾ ഉണ്ടാകുന്നുണ്ട്.

## അദ്ധ്യായം : 6

## സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക അവലോകനം

പദ്ധതി പ്രദേശത്ത് 70 സ്വകാര്യ ഭൂ ഉടമകളുടെയും 2 ഗവൺമെന്റ് വക ഭൂമിയുമാണ് ഉളളത്. സ്വകാര്യ വ്യക്തികൾ എല്ലാംതന്നെ വിവിധ ജാതി മതങ്ങളിൽ ഉൾപ്പെട്ടവരാണ്. പ്രസ്തുത സ്ഥലത്ത് താമസിക്കുന്നവരും ഉപജീവനം നടത്തുന്നവരും വാണിജ്യം നടത്തുന്നവരും ഉണ്ട്. ഭൂ ഉടമകളിൽ എ.പി.എൽ., ബി.പി.എൽ. വിഭാഗത്തിൽ പെട്ടവരും ഉണ്ട്.

| Sl NO | Social Status | Count |
|---|---|---|
| 1 | APL | 39 |
| 2 | BPL | 6 |
| 3 | BPL SUB | 7 |
| 4 | Without ration card | 2 |






വാണിജ്യസ്ഥാപനങ്ങളിൽ ദിവസവരുമാനം 1000 രൂപയിൽ താഴെയുള്ള 5 സ്ഥാപനങ്ങളും ദിവസവരുമാനം 1000 - 5000 നും ഇടയിലുള്ള 3 സ്ഥാപനങ്ങളും ദിവസവരുമാനം 5000 - 10000 ഇടയിലുള്ള 1 സ്ഥാപനങ്ങളും ദിവസവരുമാനം 10000 നുമുകളിലുള്ള 1 സ്ഥാപനവുമുള്ളതായി കണ്ടെത്തി.

പദ്ധതി പ്രദേശത്ത് നെല്ലനാട് വില്ലേജിൽ സ്ഥിതിചെയ്യുന്ന മേലാംകോട് ക്ഷേത്രത്തിന്റെയും കാവറ നടരാജ ശിവക്ഷേത്രത്തിന്റെയും, വക സ്ഥലങ്ങളും കെട്ടിടത്തിന്റെ ഒരുഭാഗവും സ്ഥലം ഏറ്റെടുക്കലിൽ ബാധിക്കപ്പെടുന്നുണ്ട്.

# അദ്ധ്യായം : 7

# സാമൂഹ്യപ്രത്യാഘാത നിർവ്വഹണപദ്ധതി

## 7.1. ആഘാതം കുറയ്ക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡ് നിർമ്മാണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ രൂപകൽപ്പന, നിർമ്മാണ പ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾ എന്നിവ കാരണമുണ്ടാകുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ ഇല്ലാതാക്കുന്നതിനോ കുറയ്ക്കുന്നതിനോ എസ്.ഐ.എ. സ്റ്റഡി വളരെ പ്രയോജനപ്രദമാണ്. എസ്.ഐ.എ. സ്റ്റഡി നടത്തുന്നതിലൂടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യക്ഷപരോക്ഷ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിയാനും ആഘാതത്തിന്റെ തോത് കുറയ്ക്കുവാനും സാധിക്കും.

7.2. വിവിധ ഘട്ടങ്ങളിലൂടെ ആഘാതവിശകലനം :

| നിർമാണത്തിനു മുമ്പ് | നിർമാണ ഘട്ടം | പ്രവർത്തന ഘട്ടം |
|---|---|---|
| ഭൂമി ഏറ്റെടുക്കൽ | പൊടി മുതലായ മാലിന്യങ്ങൾ | |
| നിർമിതികൾ ഏറ്റെടുക്കൽ | ശബ്ദമലിനീകരണം | |
| | നിർമാണഘട്ടത്തിലെ തൊഴിൽ | വാഹനങ്ങൾക്ക് സുഗമമായി സഞ്ചരിക്കാൻ സാധിക്കുന്ന തരത്തിലുള്ള മെച്ചപ്പെട്ട റോഡ്, പട്ടണത്തിൽ ലഭ്യ മായ സൗകര്യങ്ങൾ എളുപ്പ ത്തിൽ പ്രാപ്തമാക്കുന്നു |
| | പുറമേ നിന്നുള്ള തൊഴിലാളികൾ റിംഗ് റോഡ് നിർമാണ പ്രവർത്ത നങ്ങൾ ക്കായിവരുന്ന തിലൂടെ തദ്ദേ ശീയരായ തൊഴിലാളി കളുടെ തൊഴിൽ സാധ്യതകൾ കുറയുകയും, മാലിന്യം പകർച്ച വ്യാധികൾ എന്നീ ആരോഗ്യ പ്രശ്ന ങ്ങൾക്ക് കാരണമാകുമെന്ന് സംശയ ക്കപ്പെടുകയും ചെയ്യുന്നു. | |

| | | |
|---|---|---|
| | മാലിന്യം, ശുചിത്വം, പകർച്ച വ്യാധി കൾ എന്നിവയ്ക്കുള്ള സാധ്യതകൾ | |
| തൊഴിലാളികളുടെയും, പരിസരത്ത് താമസി ക്കുന്ന വരുടെയും അപകടസാധ്യതകളും സുരക്ഷയും | തൊഴിലാളികളുടെയും, പരിസരത്ത് താമസിക്കുന്ന വരുടെയും അപകട സാധ്യതകളും സുരക്ഷയും | |

7.3. ആഘാത ബാധിതരുടെ തരം

1. പ്രാഥമിക ആഘാത ബാധിതർ :

ഭൂഉടമസ്ഥർ, കെട്ടിടങ്ങളുടെയും നിർമ്മിതികളുടെയും ഉടമസ്ഥർ, വാടകക്കാർ, ബിസിനസ് സ്ഥാപനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളും സ്റ്റാഫും.

2. ദ്വിതീയ ആഘാത ബാധിതർ :

പദ്ധതി പ്രദേശത്തിന്റെ ചുറ്റുപാടും താമസിക്കുന്ന വ്യക്തികളും, കുടുംബങ്ങളും, നേരിട്ട് ആഘാതം നേരിടുന്ന സ്ഥാപനങ്ങളെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരും.

7.4. പൊതുജനങ്ങളുടെ ആശങ്കകൾ ;

(എ) ആരോഗ്യം : വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡ്പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഗതാഗതക്കുരുക്കു കുറയുമെങ്കിലും നിർമ്മാണം തുടങ്ങിക്കഴിഞ്ഞാൽ പദ്ധതി പ്രദേശത്ത് ഉണ്ടാകാൻപോകുന്ന ഗതാഗത തടസ്സം മെഡിക്കൽ കോളേജിലേയ്ക്കും മറ്റുള്ള അശുപത്രികളിലേയ്ക്കും ഉള്ള ഗതാഗതത്തിന് തടസ്സമാകുമോ എന്നുള്ള ആശങ്ക.

(ബി) ശുദ്ധജലം : കെ.ഡബ്ലിയു.എ. വിതരണം ചെയ്യുന്ന കുടിവെള്ളം നിർമ്മാണം തുടങ്ങിക്കഴിഞ്ഞാൽ തടസ്സപ്പെടുമോ എന്നുള്ള ആശങ്ക.

